സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മരുന്ന് പരിശോധനാ ലാബുകളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഏറ്റവും പുതിയ ഫാർമകോപ്പിയൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായ പരിശോധന നടത്തുന്നതിലേക്കായുള്ള ആധുനിക ഉപകരണങ്ങൾ ലാബിന് ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സദ്ഗമയ അഡോളസെന്റ് ഹെൽത്ത് കെയർ പദ്ധതി

100 (4903) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെയും കൗമാരപ്രായക്കാരുടെയും ശാരീരിക ബൗദ്ധിക മാനസിക വികസനത്തിനായി ഹോമിയോപ്പതി വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) സദ്ഗമയ അഡോളസന്റ് ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളുടേയും കൗമാരക്കാരുടെയും ശാരീരിക ബൗദ്ധിക മാനസിക വികസനത്തിനായി ഹോമിയോപ്പതി വകുപ്പ് അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം (സദ്ഗമയ) എന്ന ഒരു പദ്ധതി 2012-13 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ആരോഗ്യ സംരക്ഷണത്തോടൊപ്പം ബാല്യകാലത്തും പ്രത്യേകിച്ച് കൗമാരകാലത്തും അവരിൽ കണ്ടുവരുന്ന വ്യക്തിത്വ അപഭ്രംശങ്ങളേയും ഹോമിയോപ്പതി ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും പരിഹരിച്ച് ക്രിയാത്മകവും ഊർജ്ജസ്വലതയും ആരോഗ്യവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് സദ്ഗമയ അഡോളസെന്റ് ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദവും പാർശ്വഫലരഹിതവും മാനസിക-ബൗദ്ധിക-സൂക്ഷ്മ തലങ്ങളിൽ വരെ പ്രവർത്തിക്കാൻ കഴിയുന്നതുമായ ഹോമിയോപ്പതി മരുന്നുകളുടെ ചികിത്സ, വിദഗ്ധ കൗൺസിലിംഗ്, വിദ്യാഭ്യാസ കാര്യങ്ങളിൽ വൈദഗ്ധ്യം നേടിയ സവിശേഷ അദ്ധ്യാപകരുടെ സേവനം തുടങ്ങിയവയെ സമന്വയിപ്പിച്ചുകൊണ്ട് കൗമാരക്കാരുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യപ്പെടുന്നത്. ഇതിനായി ഡോക്ടർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സവിശേഷ വിദ്യാഭ്യാസ അദ്ധ്യാപകർ (സ്പെഷ്യൽ എഡ്യൂക്കേഷൻ ബി. എഡ്. ടീച്ചർ) എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്.

സീതാലയം പദ്ധതി

101 (4904) ശ്രീ. പാലോട് രവി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി എത്ര ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) സീതാലയം പദ്ധതി എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്ത്രീകളുടെ ശാരീരികവും മാനസ്സികവുമായ രോഗാവസ്ഥകൾക്കും ബുദ്ധിമുട്ടുകൾക്കും ചികിത്സയും "കൗൺസിലിങ്ങും" നൽകുക എന്നതാണ് സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) സീതാലയം പദ്ധതി മലപ്പുറം വണ്ടൂരിലുള്ള ക്യാൻസർ & പാലിയേറ്റീവ് കെയർ സെന്ററിലൊഴികെ എല്ലാ ഹോമിയോ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സീതാലയം പദ്ധതിയുടെ സേവനം ഇപ്പോൾ എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly